# കേരള കാർഷിക സർവ്വകലാശാല


കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര


## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ


(ടെലിഫോൺ: 04872371931)


## തൃശ്ശൂർ


E mail: kauagmet@yahoo.co.in


**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 10/17, ചൊവ്വാഴ്ച** **തീയ്യതി 07.03.2017**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 2.7 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 35.1 മുതൽ 37.6 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 21.9 മുതൽ 26.3 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 52 മുതൽ 90 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 29 മുതൽ 68 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.8 മുതൽ 6.2 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 4.0 മുതൽ 10.0 മണിക്കൂറും ബാഷ്പീകരണം ദിനം പ്രതി 3.3 മുതൽ 4.3 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 08.03.20017 | 09.03.2017 | 10.03.2017 | 11.03.2017 | 12.03.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 5 | 5 | 1 | 1 | 0 |
| ഉയർന്ന താപനില (°C ) | 35 | 35 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C ) | 25 | 25 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 6 | 6 | 6 | 6 | 6 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 55 | 55 | 55 | 55 | 55 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 004 | 004 | 004 | 004 | 004 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 230 | 230 | 230 | 230 | 230 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ഓലചുരുട്ടിപ്പുഴു | ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രാമ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് ഓലയുടെ അടിഭാഗത്തായി കുത്തി വെക്കുക. അല്ലെങ്കിൽ 2 മി.ല്ലി ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| തെങ്ങ് | മണ്ഡരി | മണ്ഡരിയെ നിയന്ത്രിക്കുവാൻ 2% വീര്യമുള്ള വേപ്പെണ്ണ-വെളുത്തുള്ളി-സോപ്പ് മിശ്രിതം മണ്ടയിലും ഇളം കുലകളിലും തളിക്കുക. |
| വാഴ | സിഗാടോക്ക | ആരംഭഘട്ടത്തിൽ തന്നെ 10-15 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. രോഗം കൂടുതലാണെങ്കിൽ 2 ഗ്രാം സാഫ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. |
| ജാതി | പരിചരണ മാർഗ്ഗങ്ങൾ | വരൾച്ചയിൽ നിന്നും സൂര്യതാപത്തിൽ നിന്നും ചെടികളെ സംരക്ഷിക്കാൻ പുതയിടേണ്ടതാണ്. |
| പച്ചക്കറികൾ (പയർ) | ഇലപ്പേൻ | ഇലപ്പേനിന്റെ ആക്രമണം നിയന്ത്രിക്കാൻ ഒബറോൺ 0.6 മി.ലി / ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |